<u>പത്രക്കുറിപ്പ്</u>

### സൈബർ ക്രൈം ബോധവൽക്കരണ മാസാചരണം :

# ഒ.റ്റി.പി തട്ടിപ്പുകളിലും വ്യാജ ലോൺ സൈറ്റുകളിലും വഞ്ചിതരാകാതിരിക്കാൻ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം

## കല്ലേറുകൊണ്ട് വീട്ടമ്മ കൊല്ലപ്പെട്ട സംഭവം: പ്രതി പിടിയിൽ

തിരുവനന്തപുരം:- ദേശസാൽകൃത ബാങ്കുകളുടെ പേരിൽ വ്യാജ സന്ദേശങ്ങൾ അയച്ച് കബളിപ്പിച്ച് ഒ.റ്റി.പി നമ്പർ കരസ്ഥമാക്കി നടത്തുന്ന തട്ടിപ്പുകളിലും, ഉടനടി ലോൺ നൽകാമെന്ന വ്യാജേന അംഗീകാരമില്ലാത്ത സൈറ്റുകൾ ഉണ്ടാക്കി വ്യക്തിഗത വിവരങ്ങൾ ചോർത്തുന്നതിലും വഞ്ചിതരാകാതിരിക്കാൻ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. സമീപകാലത്ത് ഓൺലൈൻ പണം തട്ടിപ്പും സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി പോലീസ് ആഗസ്റ്റ് 1 മുതൽ ആരംഭിച്ച ബോധവൽക്കരണ മാസാചരണത്തിന്റെ ഭാഗമായുള്ള പ്രചരണപരിപാടികൾ തുടരുന്നു. വിവിധ മാധ്യമങ്ങളിലൂടെ പോലീസ് നൽകിയ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്നാഴ്ചയായി നിരവധിപേരാണ് സിറ്റി സൈബർ സെല്ലുമായി ബന്ധപ്പെട്ട് സംശയനിവാരണം നടത്തിയത്. പോലീസ് നൽകുന്ന മുന്നറിയിപ്പുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചാൽ എല്ലാത്തരം

സൈബർ തട്ടിപ്പുകളും തടയാൻ കഴിയുമെന്നും കമ്മീഷണർ അറിയിച്ചു.

## ഒ.റ്റി.പി. ഫ്രാഡുകൾ

ദേശസാൽകൃത ബാങ്കുകൾ ലോണുകൾക്കായോ / ക്രഡിറ്റ് ലിമിറ്റ് വർദ്ധിപ്പിക്കുന്നതിനോ നൽകുന്ന തരത്തിലുള്ള sms/ഇൻസ്റ്റന്റ് മെസ്സേജുകൾ തുടങ്ങിയവ നമ്മുടെ ഫോണുകളിലേയ്ക്ക് അയച്ചു കിട്ടുന്നു. ആവശ്യക്കാർ അതിൽ നൽകിയിരിക്കുന്ന ഫോൺ നമ്പരിലേയ്ക്ക് വിളിക്കുന്നതുവഴി അവർ നമ്മുടെ ഒ.റ്റി.പി./ പിൻ തുടങ്ങിയ സെക്യൂരിറ്റി വിവരങ്ങൾ കരസ്ഥമാക്കി നമ്മുടെ പണം തട്ടിയെടുക്കുന്നു.

## സ്വീകരിക്കേണ്ട മുൻകരുതലുകൾ

യാതൊരു കാരണവശാലും ഒ.റ്റി.പി. / പിൻ / വ്യക്തിഗത വിവരങ്ങൾ തുടങ്ങിയവ ആർക്കും നൽകാതിരിക്കുക.

നമുക്ക് ലഭിക്കുന്ന എസ്.എം. എസ്. കൃത്യമായി പരിശോധിച്ച് നമ്മുടെ അറിവിലല്ലാത്ത ഒ.റ്റി.പി. മെസ്സേജുകൾ ഇല്ല എന്നുറപ്പു വരുത്തുക.

## വ്യാജ ലോൺ സൈറ്റുകൾ

ഉടനടി ലോണുകൾ നൽകുന്നതിനായി ധാരാളം അംഗീകാരമില്ലാത്ത സൈറ്റുകൾ നമുക്ക് ഇന്റർനെറ്റിൽ കാണാൻ സാധിക്കും. ഇത്തരം സൈറ്റുകൾ സന്ദർശിക്കുന്നതു വഴി നമ്മുടെ വ്യക്തിഗത വിവരങ്ങൾ ഡ്യൂപ്ളിക്കേറ്റ് ചെയ്യപ്പെടുകയും വലിയ പലിശനിരക്കുകളുള്ള ലോണുകൾ ചിലപ്പോൾ അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്യും. നമ്മുടെ അത്യാവശ്യ ഘട്ടങ്ങളെ ചൂഷണം ചെയ്യുന്ന ഇത്തരം ലോണുകൾ കൂടുതൽ അപകടകരമായ മാനസ്സിക അവസ്ഥ നമുക്ക് സാധ്യമാക്കുകയും ചെയ്യും.

## സ്വീകരിക്കേണ്ട മുൻകരുതലുകൾ

ലോണുകൾ സ്വീകരിക്കുന്നതിന് മുന്നോടിയായി താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

നമ്മുടെ വ്യക്തിഗത വിവരങ്ങളാണോ ലോൺ തരുന്നവർ ക്രഡിറ്റ് സ്കോറിനെക്കാളും അറിയാൻ താൽപ്പര്യപ്പെടുന്നത്.

ഗവൺമെന്റ് അംഗീകൃത ഏജൻസികളാണോ ലോൺ തരുന്നത്.

ഇത്തരം സൈറ്റുകളിൽ കമ്മ്യൂണിക്കേഷനുള്ള നമ്പരും അഡ്രസ്സും നൽകിയിട്ടുണ്ടോ. ഇല്ലെങ്കിൽ ഭാവിയിൽ അവരെ കോൺടാക്റ്റ് ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാകും.

ദേശസാൽകൃത / അംഗീകരിക്കപ്പെട്ട് ഒരു ധനകാര്യ സ്ഥാപനങ്ങളും പ്രോസസ്സിംഗ് ഫീസ് ആദ്യം അടയ്ക്കുന്നതിന് ആവശ്യപ്പെടാറില്ല.

വിവരങ്ങൾ പരിശോധിക്കാതെ ഒരു ധനകാര്യ സ്ഥാപനങ്ങളും തുക ഓഫർ ചെയ്യാറില്ല.

ലോൺ സ്വീകരിക്കുന്നതിനാ മുന്നോടിയായി ഇത്തരം ആപ്പുകൾ അംഗീകൃതമാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുക.

## മണി ചെയിൻ / മൾട്ടി ലെവൽ മാർക്കറ്റിംഗ് സ്കീം ഫ്രാഡ്സ്.

മൾട്ടി ലെവൽ മാർക്കറ്റിംഗ് സ്കീം/ മണി ചെയിൻ / പിരമിഡ് സ്ട്രക്ച്ചർ സ്കീമുകൾ തുടങ്ങിയവ ഉടനടി പണം ഇരട്ടിപ്പിച്ച് നൽകുമെന്ന് വിശ്വസിപ്പിച്ച് ആളുകളെ ചേർക്കുന്നു. ഒരിക്കലും ഉറപ്പിച്ച് പണം നൽകാൻ സാധ്യതയില്ലാത്ത ഇത്തരം സ്കീമുകൾആദ്യ കുറച്ച് ഇൻസ്റ്റാൾമെന്റുകൾ പറഞ്ഞപ്രകാരം നൽകി നമ്മുടെ വിശ്വാസ്യത കൈവരിച്ച് കൂടുതൽ ആളുകളെ ആകർഷിക്കുന്നു. നമ്മിലൂടെയും ആളുകളെ

ചേർത്ത് ആ ഇനത്തിൽ കമ്മീഷൻ തുകയും ലഭ്യമാക്കുന്ന ഇത്തരക്കാർ വൻ തുക പിരിച്ച ശേഷം മുങ്ങുന്നു.

## സ്വീകരിക്കേണ്ട മുൻകരുതലുകൾ

റിട്ടേണുകൾ റിസ്കുകൾക്കു ആനുപാതികമാണ്. കൂടുതൽ റിട്ടേണുകൾക്ക് കൂടുതലാണ് റിസ്ക്. 40-50 ശതമാനം റിട്ടേണുകൾ അവകാശപ്പെടുന്ന സ്ഥാപനങ്ങൾ പ്രഥമ ദൃഷ്ട്യാ തട്ടിപ്പ സ്ഥാപനങ്ങൾ ആകാനുള്ള സാധ്യത കൂടുതലാണെന്ന് മനസ്സിലാക്കുക.

മൾട്ടി ലെവൽ മാർക്കറ്റിംഗ് സ്കീമുകൾ പറയുന്നതിൽ വീഴാതിരിക്കുക.

മൾട്ടി ലെവൽ മാർക്കറ്റിംഗ് സ്കീം/ മണി ചെയിൻ / പിരമിഡ് സ്ട്രക്ചർ സ്കീമുകൾ തുടങ്ങിയവ Prize Chit and Money Circulation (Banning) Act 1978 പ്രകാരം നിരോധിച്ചവയാണെന്ന് മനസ്സിലാക്കുക. ഇത്തരം പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടാൽ റിപ്പോർട്ട് ചെയ്യുക.

ഓൺലൈൻ ഇടപാടുകൾ നടത്തുമ്പോഴും സോഷ്യൽ മീഡിയ സൈറ്റുകളും ഇന്റർനെറ്റ് സേവനങ്ങളും ഉപയോഗിക്കുമ്പോഴും മേൽപ്പറഞ്ഞ മുൻകരുതലുകൾ സ്വീകരിക്കേണ്ടതും സൈബർ ക്രൈമുകളുടെ ഇരയാകാതിരിക്കുന്നതിന് ജാഗ്രത പാലിക്കേണ്ടതുമാണ്. സൈബർ ക്രൈം ബോധവൽക്കരണ മാസാചരണത്തിന്റെ ഭാഗമായി മറ്റ് സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വരുംദിവസങ്ങളിലും തുടരുമെന്ന് സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

# കല്ലേറുകൊണ്ട് വീട്ടമ്മ കൊല്ലപ്പെട്ട സംഭവം: പ്രതി പിടിയിൽ


തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്ത ഗിരീശൻ (43)

തിരുവനന്തപുരം:- തിരുവല്ലത്ത് രണ്ട് വീട്ടുകാർ തമ്മിലുണ്ടായ വഴക്കിനിടെ ഹോളോബ്രിക്സ് ഏറ് തലക്ക് കൊണ്ട് വീട്ടമ്മ കൊല്ലപ്പെട്ട സംഭവത്തിൽ അയൽവാസിയായ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. തിരുവല്ലം തിരുവഴിമുക്ക് മേലേനിരപ്പിൽ വീട്ടിൽ ഗിരീശൻ (43)-നെയാണ് തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്തത്.

തിരുവല്ലം തിരുവഴിമുക്ക് സ്വദേശിനി രാജി (40)- യാണ് കൊല്ലപ്പെട്ടത്. തിരുവല്ലം മേനിലത്ത് ഡി.റ്റി.പി സെൻറർ നടത്തി വന്നിരുന്ന ഇവർ സി.ഐ.എസ്.എഫ് ഉദ്യോഗസ്ഥനായ ചന്ദ്രകുമാറിന്റെ ഭാര്യയാണ്. വെള്ളിയാഴ്ച രാത്രി 9.30 നാണ് സംഭവം നടന്നത്. രാജിയും അയൽവാസിയായ ഗിരീശന്റെ കുടുംബവുമായി വഴക്ക് നടക്കവെ, ഗിരീശൻ ഒരു ഹോളോബ്രിക്സ് എടുത്ത് രാജിയുടെ തലയ്ക്ക് എറിഞ്ഞ് വീഴ്ത്തുകയായിരുന്നു. സാരമായി പരിക്കേറ്റ രാജിയെ ഭർത്താവും നാട്ടുകാരും ചേർന്ന് ഉടൻതന്നെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണപ്പെടുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ ഫോർട്ട് അസ്സിസ്റ്റൻറ് കമ്മീഷണർ ഷാജിയുടെ നേതൃത്വത്തിൽ തിരുവല്ലം എസ്. എച്ച്. ഒ. സുരേഷ് വി. നായർ, എസ്.ഐ. ബിപിൻ പ്രകാശ്, വൈശാഖ്, സജീവ് കുമാർ, മനോഹരൻ, സി.പി.ഒ മാരായ അരുൺ, ഷിബു എന്നിവരടങ്ങിയ പോലീസ് സംഘമാണ് വിഴിഞ്ഞം


കൊല്ലപ്പെട്ട രാജി (40)

മുക്കോലയിൽ നിന്നും ഇന്നലെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## അറിയിപ്പ്

ഈ ഫോട്ടോയിൽ കാണുന്ന പേരും മേൽവിലാസവും തിരിച്ചറിയാത്തതും ഉദ്ദേശം 40 വയസ് പ്രായം തോന്നിക്കുന്നതുമായ ആളെ ശ്രീവരാഹം ക്ഷേത്രക്കുളത്തിൽ 16.08.2021 തിയതി മരണപ്പെട്ട നിലയിൽ കാണപ്പെട്ടുകയും, ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം. 1600/21 U/s 174 സി. ആർ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയുമാണ്. ഇയാളെ കുറിച്ച് എന്തെങ്കിലും വിവരം അറിയുന്നവർ ഈ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥരുടെ താഴെപ്പറയുന്ന ഫോൺ നമ്പരുകളിലോ സിറ്റി പോലീസ് കൺട്രോൾ റൂമിലോ അറിയിക്കുവാൻ താത്പര്യപ്പെടുന്നു.



എ.സി.പി. ഫോർട്ട് - 9497990009
എസ്. എച്ച്. ഒ. ഫോർട്ട് - 9497987010
എസ്. ഐ ഫോർട്ട് - 9497980044
ഫോർട്ട് പി.എസ് - 0471 2461105

തിരുവനന്തപുരം സിറ്റി
22-08-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി